(സി) കൃഷിക്കാർ സ്വന്തമായി കുഴൽ കിണറുകൾ നിർമ്മിക്കുമ്പോൾ പരാജയപ്പെടുകയാണെങ്കിൽ ഈ കർഷകർക്ക് നഷ്ടപരിഹാരം നൽകുന്ന പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ കഴിഞ്ഞ ഒരുവർഷത്തിനകം എത്ര കർഷകർക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ടെന്ന് പറയാമോ ;

(ഡി) കാർഷികാവശ്യത്തിനുള്ള ജലദൗർലഭ്യം കണക്കിലെടുത്തു കുഴൽ കിണറുകൾ വ്യാപകമായി സ്ഥാപിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

(എ) കാർഷികാവശ്യങ്ങൾക്ക് കുഴൽകിണറുകൾ നിർമ്മിക്കുന്നതിന് ചെറുകിട ഇടത്തരം കർഷകർക്ക് സൗജന്യമായി ഭൂജല സർവ്വേ നടത്തി കൊടുക്കുന്നുണ്ട്. കൂടാതെ ഡിപ്പാർട്ട്മെന്റ് മുഖാന്തിരമുള്ള കുഴൽ കിണർ നിർമ്മാണത്തിന് 50 % സബ്സിഡിയും നൽകുന്നുണ്ട്.

(ബി) 2001-02 വർത്തിൽ 460-ഉം 2002-03 വർഷത്തിൽ 510-ഉം കുഴൽ കിണറുകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്.

(സി) കഴിഞ്ഞ ഒരു വർഷത്തിനകം കൃഷിക്കാർക്ക് പരാജയപ്പെടുന്ന കിണറിനുള്ള ആനുകൂല്യം നൽകിയിട്ടില്ല.

(ഡി) ധനലഭ്യതയും മറ്റ് വിശദാംശങ്ങളും കണക്കിലെടുത്തു മാത്രമേ ഇക്കാര്യത്തിൽ നടപടികൾ സ്വീകരിക്കാൻ കഴിയൂ.

ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിലെ ഡ്രാഫ്റ്റ്മാൻ ഗ്രേഡ്-2 തസ്തികയിലെ നിയമനം

18 (3958) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. 14-8-2000-ൽ പ്രസിദ്ധീകരിച്ച ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിലെ ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-2 റാങ്ക് ലിസ്റ്റിൽ നിന്നും ഇന്നേവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട് ;

(ബി) നിലവിൽ എത്ര ഒഴിവുകൾ ഈ തസ്തികയിൽ ഉണ്ട് ;

(സി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുവാൻ സത്വര നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) ടി ലിസ്റ്റിൽ നിന്നും ഇതേവരെ നാല് പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ബി) പി.എസ്.സി. വഴിയുള്ള നിയമനത്തിനായി ഒരു ഒഴിവ് നിലവിലുണ്ട്.

(സി) ആവശ്യമായ നടപടി ഭൂജലവകുപ്പ് ഡയറക്ടർ സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly